159 (2345) ഡോക്ടർമാർ ഗ്രാമത്തിൽ ജോലി നോക്കണമെന്ന വ്യവസ്ഥ

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ ഗ്രാമങ്ങളിൽ ജോലി നോക്കണമെന്ന വ്യവസ്ഥ എപ്പോൾ മുതൽ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധമായി നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 1998-ലെ പ്രൊഫഷണൽ കോഴ്സ് പ്രോസ്പെക്ടസിലെ ക്ലോസ് 12.12.5-ൽ എം.ബി.ബി.എസ്. പാസ്സാകുന്ന വിദ്യാർത്ഥികൾ ഗവൺമെന്റ് ആവശ്യപ്പെടുന്നപക്ഷം ഗ്രാമപ്രദേശങ്ങളിൽ 3 വർഷക്കാലം നിർബന്ധമായി സേവനമനുഷ്ഠിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിനായി അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾ ഒരു ബോണ്ട് നൽകേണ്ടതുണ്ട്. ഈ ബോണ്ടിലെ വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ രണ്ടുലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജസ് ആയി ഈടാക്കുന്നതാണ്.

ഇതു കൂടാതെ ഗ്രാമപ്രദേശങ്ങളിൽ മൂന്നുവർഷം നിർബന്ധമായി സേവനമനുഷ്ഠിക്കേണ്ടതാണെന്നും അതിൽ ഒരു വർഷം ഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്ന ദുർഘട ഗ്രാമപ്രദേശങ്ങളിലായിരിക്കണമെന്നും വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് പാലിച്ചില്ലെങ്കിൽ രണ്ടുലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജസ് ആയി ഈടാക്കുന്നതാണ്. ഇതിനായി 2000-2001-ലെ അഡ്മിഷൻ സമയത്ത് ഓരോ വിദ്യാർത്ഥിയും ബോണ്ട് നൽകേണ്ടതുണ്ട്. ഇതിനുപുറമേ 2000-2001 അദ്ധ്യയനവർഷം മുതൽ പി.ജി. ഡിഗ്രി/ഡിപ്ലോമ എന്നിവയ്ക്ക് അഡ്മിഷൻ ലഭിക്കുന്നതിനുള്ള യോഗ്യത നേടുന്നതിനായി ഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്ന ദുർഘട ഗ്രാമപ്രദേശങ്ങളിൽ ഒരു വർഷത്തെ സേവനം നിർബന്ധമാക്കുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

160 (2346) പൊതുജനാരോഗ്യവകുപ്പിലെ ഒഴിവുകൾ

ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യവകുപ്പിൽ എത്ര ഡോക്ടർമാരും നഴ്സുമാരും ഉണ്ട്;

(ബി) അവരുടെ സമുദായം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പിന്നോക്ക സമുദായങ്ങൾക്ക് സംവരണതത്വത്തിന് ആനുപാതികമായി സർവ്വീസിൽ പ്രാതിനിധ്യം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly